# കാലിക്കറ്റ് സർവകലാശാല
## പബ്ലിക് റിലേഷൻസ് വിഭാഗം

**പത്രക്കുറിപ്പ്**
**2025 ജനുവരി 14** **website: [www.uoc.ac.in](http://www.uoc.ac.in)**
===========================================================================

**ഗവേഷണ നേട്ടങ്ങൾ നേരിലറിയാം**
**സർവകലാശാലയിൽ ശാസ്ത്രയാൻ**

കാലിക്കറ്റ് സർവകലാശാലയുടെ അക്കാദമിക - ഗവേഷണ നേട്ടങ്ങൾ നേരിട്ടറിയാൻ പൊതുജനങ്ങൾക്ക് അവസരമേകുന്ന ശാസ്ത്രയാൻ പ്രദർശനം ജനുവരി 16, 17, 18 തീയതികളിൽ നടക്കും. സർവകലാശാലാ കാമ്പസ് പഠനവകുപ്പുകളും ലാബുകളും സർവകലാശാലയുടെ ഗവേഷണ പദ്ധതികളുമെല്ലാം വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുമായി തുറന്നു നൽകുന്ന ശാസ്ത്രയാൻ പരിപാടി 16-ന് രാവിലെ 10.30-ന് വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്യും. ആര്യഭട്ടഹാളിൽ നടക്കുന്ന ചടങ്ങിൽ സംസ്ഥാന ആസൂത്രണ ബോർഡംഗം ഡോ. ജിജു പി. അലക്സ് മുഖ്യാതിഥിയാകും. രജിസ്ട്രാർ ഡോ. ഇ.കെ. സതീഷ്, സിൻഡിക്കേറ്റംഗങ്ങൾ തുടങ്ങിയവർ പങ്കെടുക്കും. രാവിലെ 10 മുതൽ വൈകീട്ട് അഞ്ച് വരെ നടക്കുന്ന പ്രദർശനത്തിൽ പ്രവേശനം സൗജന്യമാണ്. പരിപാടിയുടെ ഭാഗമായി ഈ മൂന്ന് ദിവസവും സർവകലാശാലാ പാർക്കും സസ്യോദ്യാനവും തുറന്ന് നൽകും.

സർവകലാശാലാ പഠനവകുപ്പുകളുടേതിന് പുറമെ കേരളവനഗവേഷണ കേന്ദ്രം, മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സി.ഡബ്ല്യു.ആർ.ഡി.എം., സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യ, മലബാർ ബൊട്ടാണിക്കൽ ഗാർഡൻ തുടങ്ങി ഇരുപതിലേറെ ഗവേഷണ സ്ഥാപനങ്ങളുടെ വിജ്ഞാനപ്രദങ്ങളായ സ്റ്റാളുകളും പ്രദർശനത്തിനുണ്ട്. സി.ഡബ്ല്യു.ആർ.ഡി.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. മനോജ് സാമുവൽ പവലിയൻ ഉദ്ഘാടനം നിർവഹിക്കും. വൈകീട്ട് നാല് മണിക്ക് സ്റ്റുഡന്റ് ട്രാപ്പിൽ ' ഡിജിറ്റൽ കാലത്തെ ശാസ്ത്രവും സമൂഹവും ' എന്ന വിഷയത്തിൽ ഓപ്പൺ ഫോറം നടക്കും. രാത്രി ഏഴ് മണിക്ക് ഓപ്പൺ ഓഡിറ്റോറിയത്തിൽ സ്കൂൾ ഓഫ് ഡ്രാമയിലെ വിദ്യാർഥികൾ അവതരിപ്പിക്കുന്ന സംഗീത പരിപാടിയും മറ്റ് കലാപരിപാടികളും അരങ്ങേറും. 17-ന് വൈകീട്ട് നാലര മുതൽ അഞ്ചര വരെ സ്റ്റുഡന്റ് ട്രാപ്പിൽ സയൻസ് സ്ലാം പരിപാടിയിലെ ജേതാക്കൾ അവതരണം നടത്തും. വൈകീട്ട് ആറിന് സ്കൂൾ ഓഫ് ഡ്രാമ അവതരിപ്പിക്കുന്ന ' അടിയാള പ്രേതം ' നാടകം അരങ്ങേറും. 18-ന് വൈകീട്ട് നാല് മണിക്ക് ആര്യഭട്ട ഹാളിലാണ് സമാപനച്ചടങ്ങ്. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഡയറക്ടർ ഡോ. എൻ. എസ്. പ്രദീപ് മുഖ്യാതിഥിയാകും.

പത്രസമ്മേളനത്തിൽ വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ, ശാസ്ത്രയാൻ കോ - ഓർഡിനേറ്റർ ഡോ. സി.സി. ഹരിലാൽ, ഹ്യൂമാനിറ്റിസ് ഡീൻ ഡോ. പി. ശിവദാസൻ, ഐ.ക്യു.എ.സി. ഡയറക്ടർ ഡോ. അബ്രഹാം ജോസഫ്, പി.ആർ.ഒ. സി.കെ. ഷിജിത്ത് എന്നിവർ പങ്കെടുത്തു.

***പി.ആർ. 49/2025***

**കേരള സംസ്കാര പഠനത്തിനായി**
**ഫോക്‌ലോർ പഠനവകുപ്പ് സന്ദർശിച്ച് വിദേശ വിദ്യാർഥികൾ**

കാലിക്കറ്റ് സർവകലാശാലാ ഫോക്‌ലോർ പഠനവകുപ്പ് സന്ദർശിച്ച് വിദേശ വിദ്യാർഥികൾ. ന്യൂയോർക്ക് യൂണിവേഴ്സിറ്റി അബുദാബി സെന്ററിലെ പ്രൊഫസർ സാം ആൻഡേഴ്സന്റെ നേതൃത്വത്തിലായിരുന്നു സന്ദർശനം. എട്ട് വിദേശ രാജ്യങ്ങളിൽ നിന്നായി 15 ഗവേഷകർ പഠനവകുപ്പിലെത്തിയ ഇവർ കേരള സംസ്കാര പഠനത്തിന്റെ ഭാഗമായി പരമ്പരാഗത കലാകാരന്മാരുമായി സംവദിക്കുകയും ചെയ്തു. കേരളത്തിൽ സംസ്കാര പഠനത്തിനായി അവർ തിരഞ്ഞെടുത്ത ഏക പഠനവകുപ്പ് കാലിക്കറ്റിലെ സ്കൂൾ ഓഫ് ഫോക്‌ലോർ സ്റ്റഡീസാണ്. കേരളത്തിന്റെ പരമ്പരാഗത ആയോധന കലയായ കളരിപ്പയറ്റും ആസ്വദിച്ചാണ് ഇവർ മടങ്ങിയത്.

ഫോട്ടോ : കേരള സംസ്കാര പഠനത്തിന്റെ ഭാഗമായി കാലിക്കറ്റ് സർവകലാശാലാ സ്കൂൾ ഓഫ് ഫോക്‌ലോർ സ്റ്റഡീസ് സന്ദർശിച്ച് വിദേശ വിദ്യാർഥികൾ പഠനവകുപ്പിലെ വിദ്യാർഥികൾക്കും അധ്യപകർക്കുമൊപ്പം.

***പി.ആർ. 50/2025***

**ഗോത്രപഠന ഗവേഷണകേന്ദ്രത്തിൽ**
**ദേശീയ സെമിനാർ**

വയനാട് ചെതലയത്തുള്ള കാലിക്കറ്റ് സർവകലാശാലാ ഗോത്രപഠന ഗവേഷണകേന്ദ്രത്തിലെ സോഷ്യോളജി പഠനവകുപ്പിന്റെ ആഭിമുഖ്യത്തൽ 'സാമൂഹിക ഒഴിവാക്കലും ഉൾപ്പെടുത്തലും : വിമർശനാത്മക പ്രഭാഷണങ്ങൾ' എന്ന വിഷയത്തിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചു. സാമൂഹ്യ വിമർശകനും പ്രഭാഷകനും എഴുത്തുകാരനുമായ സണ്ണി എം. കപിക്കാട് ഉദ്ഘാടനം ചെയ്തു. അദ്ദേഹം 'വിവേചനം, ഒഴിവാക്കൽ, ഉൾപ്പെടുത്തൽ എന്നിവ ഒരു രാഷ്ട്രീയ പ്രക്രിയയായി സങ്കൽപ്പിക്കുക' എന്ന വിഷയത്തിൽ സംവദിച്ചു. വിവിധ വിഷയങ്ങളെ ആസ്പദമാക്കി ഡോ. രേഖരാജ്, ശ്രീജിത്ത് ശിവരാമൻ, ഡോ. ആർ. പ്രസാദ്, ഡോ. ആതിര ആനന്ദ് എന്നിവർ സംസാരിച്ചു. ചടങ്ങിൽ ഡയറക്ടർ സി. ഹരികുമാർ, സെമിനാർ കോ ഓർഡിനേറ്റർമാരായ ഡോ. ശിവാനി ഇ. ദിവാകരൻ, അതുല്യ സുരേഷ്, അധ്യാപകരായ ഐശ്വര്യ, പി. ഷിഹാബ്, വിദ്യാർഥികളായ ടി. അനന്തു, ആർ.ബി. അഞ്ജന തുടങ്ങിയവർ സംസാരിച്ചു.

ഫോട്ടോ : കാലിക്കറ്റ് സർവകലാശാലാ ഗോത്രപഠന ഗവേഷണകേന്ദ്രത്തിലെ സോഷ്യോളജി പഠനവകുപ്പിന്റെ ആഭിമുഖ്യത്തൽ സംഘടിപ്പിച്ച സെമിനാറിൽ നിന്ന്

***പി.ആർ. 51/2025***

**അറബിക് അന്താരാഷ്ട്ര സെമിനാർ**

കാലിക്കറ്റ് സർവകലാശാലാ അറബിക് പഠനവകുപ്പും ഫാറൂഖ് കോളേജ് അറബിക് വകുപ്പും യു.എ.ഇ.യിലെ ദാറുൽ യാസ്മീൻ പബ്ലിഷിങ് ആന്റ് ഡിസ്ട്രിബ്യൂഷൻ കമ്പനിയുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര അറബിക് സെമിനാർ ജനുവരി 21, 22 തീയതികളിൽ നടക്കും. 'മോഡേൺ ലിംഗ്വിസ്റ്റിക്സ് ആന്റ് ലിറ്ററി തിയറീസ് ആന്റ് ദെയർ അപ്ലിക്കേഷൻ ടു ദ ഗൾഫ് ലിറ്ററേച്ചർ' എന്ന വിഷയത്തിൽ നടക്കുന്ന സെമിനാറിൽ എട്ട് വിദേശ പ്രതിനിധികൾ പങ്കെടുക്കും. സെമിനാറിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ https://shorturl.at/lDUVB എന്ന ലിങ്കിൽ പേര് രജിസ്റ്റർ ചെയ്യണം.

***പി.ആർ. 52/2025***

## പ്രാക്ടിക്കൽ പരീക്ഷ

മൂന്നാം സെമസ്റ്റർ ( 2023 പ്രവേശനം ) ബി.വോക്. ഒപ്റ്റോമെട്രി ആന്റ് ഒഫ്താൽമോളജിക്കൽ ടെക്നിക്സ് SDC3HC12 ( P ) OPHTHALMIC INSTRUMENTATION PRACTICALS പേപ്പർ നവംബർ 2024 പ്രാക്ടിക്കൽ പരീക്ഷ ജനുവരി 17-ന് നടക്കും. കേന്ദ്രം : എം.ഇ.എസ്. കേവീയം കോളേജ് വളാഞ്ചേരി.

***പി.ആർ. 53/2025***

## പരീക്ഷാ അപേക്ഷ

വിദൂര വിഭാഗം / പ്രൈവറ്റ് രജിസ്ട്രേഷൻ നാലാം സെമസ്റ്റർ ( 2019 മുതൽ 2023 വരെ പ്രവേശനം ) ബി.എ., ബി.എസ് സി., ബി.കോം., ബി.ബി.എ., ബി.എ. അഫ്സൽ - ഉൽ - ഉലമ ഏപ്രിൽ 2025. ബി.എ. മൾട്ടിമീഡിയ ( CBCSS - UG ) ഏപ്രിൽ 2025 ( 2021, 2022 പ്രവേശനം ), ഏപ്രിൽ 2024 ( 2019, 2020 പ്രവേശനം ) റഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകൾക്ക് പിഴ കൂടാതെ ഫെബ്രുവരി മൂന്ന് വരെയും 190/- രൂപ പിഴയോടെ ആറു വരെയും അപേക്ഷിക്കാം. ലിങ്ക് ജനുവരി 20 മുതൽ ലഭ്യമാകും.

പ്രൈവറ്റ് രജിസ്ട്രേഷൻ ഒന്നാം സെമസ്റ്റർ ( CUCBCSS - UG - 2017, 2018 പ്രവേശനം ) ബി.എ. മൾട്ടിമീഡിയ നവംബർ 2021 സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകൾക്ക് പിഴ കൂടാതെ 27 വരെയും 190/- രൂപ പിഴയോടെ 31 വരെയും അപേക്ഷിക്കാം. ലിങ്ക് ജനുവരി 16 മുതൽ ലഭ്യമാകും.

***പി.ആർ. 54/2025***

## പരീക്ഷ

മൂന്നാം സെമസ്റ്റർ ( CUCSS - ഫുൾ ടൈം ആന്റ് പാർട്ട് ടൈം - 2020 പ്രവേശനം മുതൽ ) എം.ബി.എ. - BUS 3C 20 - Supply Chain Management പേപ്പർ ജനുവരി 2025 റഗുലർ / സപ്ലിമെന്ററി പരീക്ഷകൾ ജനുവരി 20-ന് നടക്കും. സമയം രാവിലെ 10 മണി.

ഒന്നാം സെമസ്റ്റർ ( CBCSS - V - UG ) വിവിധ ബി.വോക്. ( 2022 പ്രവേശനം മുതൽ ) നവംബർ 2024, (2018 മുതൽ 2021 വരെ പ്രവേശനം) നവംബർ 2023 റഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകൾ ഫെബ്രുവരി 14-ന് തുടങ്ങും. സമയക്രമം വെബ്സൈറ്റിൽ.

***പി.ആർ. 55/2025***

## സൂക്ഷ്മപരിശോധനാഫലം

രണ്ടാം സെമസ്റ്റർ (2019 മുതൽ 2023 വരെ പ്രവേശനം) എം.ബി.എ. ജൂലൈ 2024 പരീക്ഷയുടെ സൂക്ഷ്മപരിശോധനാ ഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 56/2025***